LIBRARY ARCHIVES Kerala Legislative Assembly

നെല്ല് അരിയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ നടപടി

59 [370] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് വാങ്ങാൻ ആളില്ലാതെ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യ വകുപ്പ് നെല്ലെടുത്ത് അരിയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) പൊതുവിതരണ സമ്പ്രദായം തകർച്ചയിൽ എത്തിനിൽക്കുന്ന ഈ ഘട്ടത്തിൽ നല്ല അരി വിതരണം ചെയ്യുന്നതുവഴി റേഷൻകടകൾ പുനർജ്ജീവിപ്പിക്കാൻ കഴിയുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് റേഷൻ കടകൾ വഴി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കും.

(ബി) കേരളത്തിൽ പൊതുവിതരണ സമ്പ്രദായം തകർച്ചയുടെ വക്കിലല്ല. അത് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. നല്ലയിനം അരി തന്നെയാണ് റേഷൻകടകൾ വഴി ഇപ്പോഴും വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

(സി) അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുത്ത റേഷൻ കടകൾ വഴി ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തു വരുന്നു.

പാചകവാതക സിലിണ്ടറുകളിലെ ഗ്യാസിന്റെ തൂക്കം

60 [371] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
,, കളത്തിൽ അബ്ദുള്ള:
,, ഇസ്ഹാക് കുരിക്കൾ:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക സിലിണ്ടറുകളിലെ ഗ്യാസിന്റെ തൂക്കം ശരിയാണോ എന്ന് വിതരണത്തിന് മുൻപ് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് പരിശോധിക്കുന്നത് ആരാണ്;

(സി) ഇതിനുള്ള പ്രത്യേക സംവിധാനമെന്താണ്?

ഉത്തരം

(എ)—(സി) സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ ഗ്യാസ് വിതരണത്തിന് മുൻപ് തൂക്കം ശരിയാണോയെന്ന് പരിശോധനയ്ക്ക് വിധേയമാക്കാറില്ല. എന്നാൽ ജില്ലാ സപ്ലൈ ആഫീസർ, താലൂക്ക് സപ്ലൈ ആഫീസർ എന്നിവർ ഗ്യാസ് ഏജൻസികളുടെ പരിശോധനാവേളകളിൽ ഗ്യാസ് സിലിണ്ടറുകളുടെ തൂക്കവും, വിതരണം ചെയ്യുന്ന ഗ്യാസ് സിലിണ്ടർ സീൽ ചെയ്തതാണോയെന്നും പരിശോധിക്കാറുണ്ട്. ഔട്ട് ലെറ്റുകളിലെ പ്ളാറ്റ് ഫോം ബാലൻസ്/ വെയിംഗ് മെഷീൻ ഉപയോഗിച്ചാണ് തൂക്കം പരിശോധിക്കുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗ്യാസ് ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുന്ന ഗ്യാസിന്റെ തൂക്കം എൽ. പി. ജി. ഗോഡൗണിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ പ്ലാറ്റ്ഫോം ബാലൻസ് ഉപയോഗിച്ച് പരിശോധിക്കാറുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇതുവരെയുള്ള സഞ്ചിത നഷ്ടം

61 372] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. കെ. മോഹൻ കുമാർ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. സി. പി. മുഹമ്മദ്:
.. *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇതുവരെയുള്ള സഞ്ചിത നഷ്ടം എത്രയാണ്;

(ബി) ഈ വർഷം പ്രസ്തുത കോർപ്പറേഷൻ പ്രവർത്തിക്കുന്നത് ലാഭത്തിലാണോ നഷ്ടത്തിലാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെ പ്രസ്തുത കോർപ്പറേഷന് എന്തു തുക ഗ്രാന്റ് ആയി നൽകിയിട്ടുണ്ട്;

(ഡി) ഇക്കാലമത്രയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നഷ്ടത്തിലാകുവാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly